**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2214** **14-10-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡ് മസ്റ്ററിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗ് നടത്തുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | എൻ.എഫ്.എസ്.എ. റേഷൻ ഗുണഭോക്താക്കളുടെ e KYC അപ്ഡേഷൻ നടത്തണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് റേഷൻ കടകളിൽ ഇ പോസ് മെഷിൻ മുഖാന്തിരം e KYC അപ്ഡേഷൻ 18.09.2024 മുതൽ ആരംഭിച്ചത്. മഞ്ഞ, പിങ്ക് കാർഡുകളിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കളും e KYC അപ്ഡേറ്റ് ചെയ്യേണ്ടതായുണ്ട്.<br><br>2024 സെപ്റ്റംബർ 18 മുതൽ 24 വരെ തിരുവനന്തപുരം ജില്ലയിൽ മാത്രമായും, സെപ്റ്റംബർ 25 മുതൽ ഒക്ടോബർ 1 വരെ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിലും, ഒക്ടോബർ 3 മുതൽ 8 വരെ പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, മലപ്പുറം, കാസർഗോഡ് ജില്ലകൾ എന്ന ക്രമത്തിലും ഘട്ടം ഘട്ടമായി അപ്ഡേഷൻ നടപടികൾ നിർവ്വഹിച്ചിട്ടുണ്ട്. കിടപ്പ് രോഗികൾ, ഇ പോസിൽ വിരലടയാളം പതിയാത്തവർ, പത്ത് വയസ്സിൽ താഴെയുള്ള കുട്ടികൾ എന്നിവരെ ആദ്യഘട്ടത്തിൽ നിന്ന് ഒഴിവാക്കി രണ്ടാം ഘട്ടത്തിൽ റേഷൻ വ്യാപാരികളുടെ സഹായത്തോടെ വീട്ടുകളിൽ നേരിട്ടെത്തി അപ്ഡേഷൻ നടത്താനാവശ്യമായ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ, മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനുള്ള സമയപരിധി ഒക്ടോബർ 25 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുമുണ്ട്. eKYC അപ്ഡേഷൻ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. |
| (ബി) | മസ്റ്ററിംഗ് ഡ്രൈവിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | ഖണ്ഡം (A) കണ്ടാലും. |

| | | | |
|---|---|---|---|
| (സി) | നിലവിൽ എത്ര ശതമാനം കാർഡുടമകൾ മസ്റ്ററിംഗ് നടത്തി എന്ന് വിശദമാക്കുമോ? | (സി) | 80.88% (10/10/2024 വരെയുള്ള കണക്കു പ്രകാരം) |

സെക്ഷൻ ഓഫീസർ